സുപ്രഭാതം

30 January 2023

# സി.എം.എഫ്.ആർ.ഐക്ക് ക്ഷേത്രീയ രാജ്ഭാഷാ പുരസ്കാരം

കൊച്ചി • ഭരണനിർവഹണങ്ങളിലും പ്രസിദ്ധീകരണങ്ങളിലും ഹിന്ദിഭാഷ മികച്ച രീതിയിൽ നടപ്പാക്കിയതിനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ക്ഷേത്രീയ രാജ്ഭാഷാ പുരസ്കാരം കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന് (സി.എം.എഫ്.ആർ.ഐ) ലഭിച്ചു. ദക്ഷിണ, ദക്ഷിണ-പശ്ചിമ മേഖലകളിലെ വിവിധ മന്ത്രാലയങ്ങൾക്ക് കീഴിലെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ വിഭാഗത്തിലാണ് സി.എം.എഫ്.ആർ.ഐക്ക് പുരസ്കാരം ലഭിച്ചത്.2014ന് ശേഷം സി.എം.എഫ്.ആർ.ഐ നേടുന്ന 83-ാമത് പുരസ്കാരമാണിത്. ഇതിൽ 12 പുരസ്കാരങ്ങൾ ഹിന്ദിഭാഷാ പ്രചാരണത്തിനാണ്. തിരുവനന്തപുരത്ത് നടന്ന ദക്ഷിണ, ദക്ഷിണ-പശ്ചിമ മേഖലകളുടെ സംയുക്ത ഭരണഭാഷ സമ്മേളനത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, കേന്ദ്ര ആഭ്യന്തര സഹമന്ത്രി അജയ് കുമാർ മിശ്ര എന്നിവരിൽ നിന്ന് ഡയരക്ടർ ഡോ. എ. ഗോപാലകൃഷ്ണനും ഹിന്ദി ഓഫിസർ ഇ.കെ ഉമയും ചേർന്ന് പുരസ്കാരം സ്വീകരിച്ചു.